പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2675 **28-10-2026-ൽ മറുപടിയ്ക്ക്**

മഞ്ചേശ്വരം മണ്ഡലത്തിലെ ദേരമ്പള ചെക്ക്ഡാം ബ്രിഡ്ജ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ദേരമ്പള ചെക്ക്ഡാം ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളും സർവേയും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മഞ്ചേശ്വരം മണ്ഡലത്തിലെ ദേരമ്പള ചെക്ക് ഡാം / വിസിബി കം ബ്രിഡ്ജ് നിർമ്മാണത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജിൽ നിന്ന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും പ്രൊജക്ടും തയ്യാറായിട്ടുണ്ടോ; എങ്കിൽ, അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: മഞ്ചേശ്വരം മണ്ഡലത്തിലെ ദേരമ്പള ചെക്ക്ഡാം കം ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഡിസൈൻ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഈ സാമ്പത്തിക വർഷത്തിൽ നബാർഡിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ യുടെ സാന്നിധ്യത്തിൽ ചർച്ച നടത്തിയിരുന്നു. ടി യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമാക്കുന്നതിനായി ഡിസൈൻ ഇൻഡന്റ്, സ്കീം റിപ്പോർട്ട് മറ്റു വിശദാംശങ്ങൾ തുടങ്ങിയവ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 26.09.2026-നും പുതുക്കിയ ഡിസൈൻ ഇൻഡന്റ് 23.10.2026-നും ഐ.ഡി.ആർ.ബി കാര്യാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഐ.ഡി.ആർ.ബി യിൽ നിന്ന് ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നബാർഡിന്റെ സഹായം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ വർഷത്തെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ചെക്ക്ഡാം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ